**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4047** **17-03-2025 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയിലെ സ്റ്റാഫ് പാറ്റേൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സപ്ലൈകോയിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ; സപ്ലൈകോ യിൽ 2016-ന് ശേഷം എത്ര പുതിയ ഔട്ട് ലെറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഇതിന് ആനുപാതികമായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (എ) | സപ്ലൈകോയിലെ നിലവിലെ staff pattern അനുബന്ധം I ആയി ചേർക്കുന്നു.<br><br>2016 മെയ് മാസം സപ്ലൈകോയ്ക്ക് 23 മൊബൈൽ മാവേലി സ്റ്റോറുകൾ ഉൾപ്പെടെ 1380 ചില്ലറ വില്പനശാലകൾ ഉണ്ടായിരുന്നു. നിലവിൽ സപ്ലൈകോയ്ക്ക് 21 മൊബൈൽ മാവേലി സ്റ്റോറുകൾ ഉൾപ്പെടെ 1528 ചില്ലറ വില്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>ഔട്ട് ലെറ്റുകൾ തുടങ്ങുന്നതിന് ആനുപാതികമായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. പുതിയതായി അനുവദിക്കുന്ന ഔട്ട് ലെറ്റുകളിലേക്ക് ജീവനക്കാരെ പുനർവിന്യസിച്ചും മറ്റ് ഓഫീസ്/ഔട്ട് ലെറ്റിലെ ജീവനക്കാർക്ക് അധികച്ചുമതല നൽകിയുമാണ് നിലവിൽ പ്രവർത്തിച്ചു പോരുന്നത്. അടിയന്തര ഘട്ടത്തിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലുള്ള ജീവനക്കാരെ ഓഫീസർ ഇൻ ചാർജ്ജായി നിയമിക്കുകയും ചെയ്യാറുണ്ട്. |
| (ബി) | മറ്റ് ഡിപ്പാർട്മെന്റുകളിൽ 50 വയസ് കഴിഞ്ഞവർക്ക് ഡിപ്പാർട്ട്മെന്റ് തല പരീക്ഷയിൽ ഇളവ് അനുവദിച്ചിട്ടുള്ളത് പോലെ സപ്ലൈകോയിലും അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | അനുവദിച്ചിട്ടില്ല . |
| (സി) | സപ്ലൈകോയിൽ എത്ര ജൂനിയർ മാനേജർ തസ്തികകൾ കോർപ്പറേഷൻ ജീവനക്കാർക്കായി അനുവദിച്ചിട്ടുണ്ട്; പ്രസ്തുത ബൈ ട്രാൻസ്ഫർ നിയമനത്തിനായി പുതിയ നിയമനിർമ്മാണത്തിന് സാധ്യതയുണ്ടോ; വിശദീകരിക്കാമോ; | (സി) | ഡെപ്യൂട്ടി മാനേജർ, അസിസ്റ്റന്റ് മാനേജർ & ജൂനിയർ മാനേജർ എന്നീ തസ്തികകളിലെ (കോർപ്പറേഷൻ) Block vacancy ആകെ 54 ആണ്. ഇതിൽ By Transfer നിയമനം 30 % ആണ്. CSRR 2021 പ്രകാരം സപ്ലൈകോയിലെ സ്ഥിരം ജീവനക്കാർക്ക് MIS, Accounts, Quality Assurance (Q&A), Tea, Marketing, General, HRD എന്നീ വിഭാഗങ്ങളിലായാണ് ജൂനിയർ മാനേജർ തസ്തിക അനുവദിച്ചിട്ടുള്ളത്. ജൂനിയർ മാനേജർ തസ്തികയുടെ എണ്ണം പ്രത്യേകമായി |

| | | | |
|---|---|---|---|
| | | | നിശ്ചയിച്ചിട്ടില്ല. ഓരോ വിഭാഗങ്ങളിലും ജൂനിയർ മാനേജർ (JM), അസിസ്റ്റന്റ് മാനേജർ (AM), ഡെപ്യൂട്ടി മാനേജർ (DM) എന്നീ തസ്തികകൾ ഒരു ബ്ലോക്ക് വേക്കൻസിയായി നിശ്ചയിച്ചിട്ടുണ്ട്. ആയത് അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (ഡി) | സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ എത്ര ജീവനക്കാർ വീണ്ടും തുടരുന്നുവെന്നും ആയത് സപ്ലൈകോയ്ക്ക് അധികബാധ്യത ആകില്ലേയെന്നും വിശദമാക്കുമോ; | (ഡി) | സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ 4 ജൂനിയർ അസിസ്റ്റന്റ്, 9 സീനിയർ അസിസ്റ്റന്റ്-I ജീവനക്കാർ ജോലിയിൽ തുടരുന്നുണ്ട്. സപ്ലൈകോയിൽ അംഗീകൃത (Sanctioned Strength) തസ്തികയിലുള്ള ജീവനക്കാരുടെ എണ്ണവും, നിലവിലെ എണ്ണവും (Present Strength) അനുബന്ധം IIIആയി ചേർക്കുന്നു.<br><br>സപ്ലൈകോയിലേക്ക് ഡെപ്യൂട്ടേഷൻ ഉത്തരവായിട്ടും സീനിയർ അസിസ്റ്റന്റ്- I തസ്തികയിലുള്ള 2 പേരും സീനിയർ അസിസ്റ്റന്റ്-II തസ്തികയിലുള്ള 2 പേരും, ജൂനിയർ അസിസ്റ്റന്റ് തസ്തികയിലുള്ള 4 പേരും സപ്ലൈകോയിൽ നാളിതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ല.<br><br>മേൽ കണക്കുകൾ പ്രകാരം അന്യത്രസേവനത്തിലുള്ള സീനിയർ അസിസ്റ്റന്റ്-I തസ്തികയിലുള്ള ജീവനക്കാരുടെ നിലവിലെ എണ്ണം (290) അന്യത്രസേവനത്തിന് അനുവദനീയമായ (283) എണ്ണത്തേക്കാൾ 7 എണ്ണം കൂടുതലായും, അന്യത്രസേവനത്തിലുള്ള സീനിയർ അസിസ്റ്റന്റ്-II തസ്തികയിലുള്ള ജീവനക്കാരുടെ നിലവിലെ എണ്ണം (123) അന്യത്രസേവനത്തിന് അനുവദനീയമായ (125) എണ്ണത്തേക്കാൾ 2 എണ്ണം കുറവായും കാണുന്നു.<br><br>എന്നാൽ സീനിയർ അസിസ്റ്റന്റ്-1 തസ്തികയിലെ ആകെ അനുവദനീയമായ (Direct+Deputation) എണ്ണം 493 ഉം സീനിയർ അസിസ്റ്റന്റ്-1 തസ്തികയിലെ നിലവിലെ ജീവനക്കാരുടെ (Direct+Deputation) എണ്ണം 468 ഉം ആണ്. സീനിയർ അസിസ്റ്റന്റ്-I തസ്തികയിൽ 25 ഒഴിവ് നിലവിലുള്ള സാഹചര്യത്തിൽ അന്യത്രസേവനത്തിലുള്ള 07 സീനിയർ അസിസ്റ്റന്റ്-I തസ്തികയിലുള്ള ജീവനക്കാർ സപ്ലൈകോയിൽ അധികമായി തുടരുന്നത് സപ്ലൈകോയ്ക്ക് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നില്ല. |
| (ഇ) | 2025 ഫെബ്രുവരി മാസത്തിൽ സപ്ലൈകോയിൽ ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് | (ഇ) | 2025 ഫെബ്രുവരി മാസത്തിലെ സപ്ലൈകോയിലെ ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ്-II, |

| | | | |
|---|---|---|---|
| | ഗ്രേഡ്-II, സീനിയർ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തികകളിലായി എത്ര സ്ഥിരം ജീവനക്കാർ നിലവിലുണ്ടെന്ന് വിശദമാക്കുമോ; | | സീനിയർ അസിസ്റ്റന്റ്-I തസ്തികയിലെ ജീവനക്കാരുടെ നിലവിലെ എണ്ണം ((Direct+Deputation) അനുബന്ധം IV ആയി ചേർക്കുന്നു. |
| (എഫ്) | 2019 മുതലുള്ള ശമ്പള പരിഷ്കരണ കുടിശിക സപ്ലൈകോയിലും വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ; സപ്ലൈകോയിലെ കോമൺ സർവ്വീസ് റൂളിലെ അപാകതകൾ നീക്കാനുള്ള ഫയൽ തീരുമാനം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ? | (എഫ്) | ടി വിഷയങ്ങളിന്മേൽ നടപടികൾ പരിശോധനാ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

STRENGTH OF STAFF IN KERALA STATE CIVIL SUPPLIES CORPORATION AS ON 28.02.2025

| No | Category | Sanctioned strength | | | Present strength | | |
|---|---|---|---|---|---|---|---|
| | | Deputation | Direct | Total | Deputation | Direct | Total |
| 1 | Managing Director | 1 | 0 | 1 | 1 | | 1 |
| 2 | General Manager | 1 | 0 | 1 | 0 | | 0 |
| 3 | Vigilance Officer | 1 | 0 | 1 | 1 | | 1 |
| 4 | AGM | 1 | 6 | 7 | 1 | 4 | 5 |
| 5 | Company Secretary | 0 | 0 | 0 | | 0 | 0 |
| 6 | Regional Managers | 5 | 0 | 5 | 4 | 0 | 4 |
| 7 | Manager | 2 | 6 | 8 | 3 | 0 | 3 |
| 8 | Deputy Manager | 0 | 0 | 0 | | 6 | 6 |
| 9 | Law Officer | 0 | 0 | 0 | 1 | | 1 |
| 10 | Public Relation Officer | 1 | 0 | 1 | 1 | | 1 |
| 11 | Assistant Managers | 74 | 12 | 86 | 73 | 18 | 91 |
| 12 | Junior Managers | 80 | 29 | 109 | 80 | 11 | 91 |
| 13 | Programmer | 0 | 2 | 2 | | 0 | 0 |
| 14 | Sub Inspector | 1 | 0 | 1 | | | 0 |
| 15 | Receiptionist | 0 | 1 | 1 | | | 0 |
| 16 | Data Entry Operator | 0 | 15 | 15 | 0 | 2 | 2 |
| 17 | Computer Operator | 0 | 3 | 3 | | 2 | 2 |
| 18 | Senior Assistant-I | 283 | 210 | 493 | 290 | 178 | 468 |
| 19 | Senior Assistant.II | 125 | 199 | 324 | 123 | 137 | 260 |
| 20 | Junior Assistant | 157 | 657 | 814 | 157 | 565 | 722 |
| 21 | Confidential Assistant | 8 | 5 | 13 | 0 | 3 | 3 |
| 22 | Typist | 8 | 13 | 21 | 4 | 9 | 13 |
| 23 | Driver | 0 | 87 | 87 | 0 | 41 | 41 |
| 24 | Driver cum OA | | | | 0 | 28 | 28 |
| 25 | Salesman | 0 | 41 | 41 | | 0 | 0 |
| 26 | Assistant Salesman | 0 | 2045 | 2045 | 0 | 1618 | 1618 |
| 27 | Security | 0 | 12 | 12 | | 1 | 1 |
| 28 | Full Time Sweeper | 0 | 4 | 4 | | | 0 |
| 29 | Part time Sweeper | 0 | 9 | 9 | 0 | 6 | 6 |
| 30 | Agriculture Officers/Paddy officers | 0 | 0 | 0 | 16 | 0 | 16 |
| 31 | Legal Assistant | 0 | 0 | 0 | | | 0 |
| 32 | Assistant Pharmacist | | 54 | | 0 | 48 | 48 |
| 33 | Canteen Employees | 0 | 0 | 0 | 0 | 1 | 1 |
| | Total | 748 | 3410 | 4104 | 755 | 2678 | 3433 |

**അനുബന്ധം II**

| Cadre | Strength |
|---|---|
| JM(MIS)+AM(MIS) +DM(MIS) | 10 |
| JM(ACCOUNTS)+AM(ACCOUNTS)+DM (ACCOUNTS) | 15 |
| JM(QA)+AM(QA)+DM(QA) | 13 |
| JM(TEA)+AM (TEA)+DM(TEA) | 2 |
| JM(MARKETING)+AM (MARKETING) +DM (MARKETING) | 3 |
| JM(GENERAL)+AM(GENERAL)+DM (GENERAL) | 10 |
| JM(HRD)+AM(HRD)+DM(HRD) | 1 |
| TOTAL | 54 |

## അനുബന്ധം IIi

| No | Category | Sanctioned strength | | | Present strength | | |
|---|---|---|---|---|---|---|---|
| | | Deputation | Direct | Total | Deputation | Direct | Total |
| 1 | Senior Assistant-I | 283 | 210 | 493 | 290 | 178 | 468 |
| 2 | Senior Assistant.II | 125 | 199 | 324 | 123 | 137 | 260 |
| 3 | Junior Assistant | 157 | 657 | 814 | 157 | 565 | 722 |
| TOTAL | | 565 | 1066 | 1631 | 570 | 880 | 1450 |

**<u>അനുബന്ധം IV</u>**

| No | Category | Present strength | | |
|---|---|---|---|---|
| | | Deputation | Direct | Total |
| 1 | Senior Assistant-I | 290 | 178 | 468 |
| 2 | Senior Assistant.II | 123 | 137 | 260 |
| 3 | Junior Assistant | 157 | 565 | 722 |
| TOTAL | | 570 | 880 | 1450 |